THE NATIONAL UNIVERSITY OF ADVANCED LEGAL STUDIES

(Established by Act 27 of 2005 of the Kerala Legislature)
Kalamassery, Kochi, Kerala, Pin – 683 503 Ph: 0484-2555990,
E-mail: vc@nuals.ac.in, registrar@nuals.ac.in Web: www.nuals.ac.in

NUALS/ADM/GAD/A2/228/|V W-KL BR 1859/25 16-06-2025

# ലേലപരസ്യം

രജിസ്ട്രാർ, നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്ന്റെ അധീനതയിലുള്ളതും ക്യാമ്പസ്സിൽ സൂക്ഷിച്ചിട്ടുള്ളതുമായ KL 7 BR 1859, 2011 മോഡൽ വോക്സ് വാഗൺ വെന്റോ, (Diesel), തിയതി **23-06-2025, 2.30** മണിക്ക് മേൽ പറഞ്ഞ ഓഫീസ് പരിസരത്തുവെച്ചു ദീർഘാസ് / പരസ്യലേലം വഴി വില്പന നടത്തുന്നതാണ്.

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലം ആരംഭിക്കുന്നതിനു ഒരുമണിക്കൂർ മുൻപായി മേൽ പറഞ്ഞ വാഹനത്തിന് നിശ്ചയിച്ചിരിക്കുന്ന നിരതദ്രവ്യമായ 2,500/- രൂപ ഓഫീസിൽ അടച്ച് രസീത് കൈപറ്റേണ്ടതാണ്.

വാഹനത്തിന്റെ വില്പനക്ക് മുദ്ര വെച്ച ദീർഘാസുകളും സ്വീകരിക്കുന്നതാണ്. ദീർഘാസുകൾ ലേലതലേന്ന് ഉച്ചതിരിഞ്ഞു 3 മണിവരെ നുവാൽസ് ഓഫീസിൽ സ്വീകരിക്കും. ചട്ടപ്രകാരമുള്ള ദീർഘാസിനോടൊപ്പം ഏതെങ്കിലും ദേശാസൽകൃത ബാങ്കിൽ നിന്നും രജിസ്ട്രാർ, NUALS എന്ന പേരിൽ വാങ്ങിയ നിരതദ്രവ്യത്തിനു തുല്യമായ തുകയുടെ ഡിമാൻഡ് ഡ്രാഫ്റ്റ് അടക്കം ചെയ്യേണ്ടതാണ്. കവറിനു മുകളിൽ " വാഹനത്തിന്റെ ലേലത്തിനുള്ള ദീർഘാസ് " എന്ന് വ്യക്തമായി എഴുതേണ്ടതാണ്. പരസ്യ ലേലം കഴിഞ്ഞയുടൻ ബന്ധപ്പെട്ടവരുടെ മുന്നിൽ വെച്ച് ദീർഘാസുകൾ തുറക്കുന്നതും പരസ്യലേലത്തിൽ അഥവാ ദീർഘാസിൽ ഏതിലാണോ കൂടുതൽ തുകയ്ക്കുള്ളത് ആയതിന് ലേലം താത്കാലികമായി ഉറപ്പിക്കുന്നതും ലേലം കൈയ്കൊണ്ടയാൾ പുനർലേലം / ദീർഘാസ് തുകയുടെ പകുതി സംഖ്യ നിരതദ്രവ്യം കഴിച്ച് ലേലസ്ഥലത്തുവെച്ചു അപ്പോൾ തന്നെ അടച്ച് രസീത് വാങ്ങേണ്ടതാണ്. ബാക്കി തുക നികുതിയുൾപ്പടെ ലേലം സ്ഥിരപ്പെടുത്തിയ ഉത്തരവ് തീയതി മുതൽ 7 ( ഏഴു ) ദിവസത്തിനകം അടച്ച് സ്വന്തം ചിലവിലും ഉത്തരവാദിത്വത്തിലും വാഹനം നീക്കം ചെയ്യേണ്ടതാണ്.

ഏതെങ്കിലും കാരണവശാൽ ലേലം / ദീർഘാസ് സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ ലേല നിബന്ധനകൾ ലംഘിക്കുകയാണെങ്കിൽ ടിയാൻ അടച്ച സംഖ്യ സർവകലാശാലയിലേക്ക് മുതൽ കൂട്ടുന്നതും ടി വാഹനം പുനർ ലേലം ചെയ്യുന്നതുമായിരിക്കും. പുനർ ലേലത്തിൽ സർവകലാശാലയിലേക്ക് ഉണ്ടാകുന്ന നഷ്ടം മുൻ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതും മറിച്ചു കൂടുതലായി ലഭിക്കുന്ന തുകയ്ക്ക് മുൻ ലേലക്കാരന് യാതൊരുവിധ അവകാശമോ അർഹതയോ ഉണ്ടായിരിക്കുന്നതുമല്ല.

ലേലത്തിനു നിശ്ചയിച്ചിരിക്കുന്ന വാഹനം ലേല തിയതിക്കു മുൻപുള്ള പ്രവർത്തി ദിവസങ്ങളിൽ മുൻകൂട്ടി അറിയിച്ചശേഷം ഓഫീസ് സമയത്തു രജിസ്ട്രാറിന്റെ അനുമതിയോടെ പരിശോധിക്കാവുന്നതാണ്. യുക്തമെന്നു തോന്നുന്നപക്ഷം യാതൊരു മുന്നറിയിപ്പോ കാരണമോ കാണിക്കാതെ ലേലം നിറുത്തിവെക്കുന്നതിനും ലേലം/ ദീർഘസ് അസ്ഥിരപ്പെടുത്തുന്നതിനും ലേല നടപടിക്രമങ്ങൾ റദ്ദ് ചെയ്യുന്നതിനും രജിസ്ട്രാർക്കു അധികാരമുണ്ടായിരിക്കും. ലേലം സംബന്ധിച്ച് രജിസ്ട്രേറിന്റെ തീരുമാനം അന്തിമമായിരിക്കും.

രജിസ്ട്രാർ